ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി&സി) നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXI-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അനുമതി ലഭിക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ നോഡൽ ഡിപ്പാർട്ടുമെന്റായ ധനകാര്യവകുപ്പ് മുഖേന നടപടി സ്വീകരിച്ചു വരികയാണ്.

തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ

34 (1505) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളുടെ ഭാഗമായ പഞ്ചായത്തുകളിൽ ക്രമീകരിച്ചിരുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഈ സാമ്പത്തിക വർഷ അവസാനം വരെ സമയം ദീർഘിപ്പിക്കാൻ നടപടി എടുക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ 37 ഗ്രാമപഞ്ചായത്തുകളും ചില പഞ്ചായത്ത് വാർഡുകളും 31-10-2015 മുതൽ മുനിസിപ്പാലിറ്റികളുടെ ഭാഗമായി മാറിയതിനാൽ ഈ തീയതി മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന അവകാശങ്ങൾക്കുള്ള അർഹത നഷ്ടപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ

35(1506) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly